**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം :- ആ.വ.ഡ. - ജീവനക്കാര്യം - ശ്രീ. ഹരികൃഷ്ണൻ ജി., ക്ലാർക്ക്, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം - ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) G.O(Rt) No: 3306/2009/H&FWD, Dated: 13/11/2009.
2) കത്ത് നം. ആ.വ.ഡ./12199(a)/2024-ഇ.ഡി.2, തീയതി 21/06/2024.

**ഉത്തരവ് നം : DHS/12199/2024-ED2 തിയതി : 05-01-2025**

ശ്രീ. ഹരികൃഷ്ണൻ ജി., സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 26/10/2009 -ൽ ക്ലാർക്ക് തസ്തികയിൽ ഈ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു. പരാമർശം (1) സർക്കാർ ഉത്തരവ് അനുസരിച്ച് ടിയാന് KSR Part I അനുബന്ധം XII B പ്രകാരം 16/11/2009 മുതൽ പഠനാവശ്യത്തിനായി 21 മാസത്തെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുകയും, 16/11/2009 അപരാഹ്നത്തിൽ ഈ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു. പ്രസ്തുത അവധിയ്ക്ക് ശേഷം ടിയാൻ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രൊബേഷണർ ആയതിനാൽ പ്രൊബേഷൻ കാലയളവിനുള്ളിൽ സർവ്വീസിൽ ഹാജരാകാതിരുന്ന ടിയാളെ 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത കാരണംകാണിക്കൽ നോട്ടീസിന് ടിയാൻ നാളിതുവരെ മറുപടി നൽകിയിട്ടില്ല.

മേൽ സാഹചര്യത്തിൽ 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ശ്രീ. ഹരികൃഷ്ണൻ ജി., ക്ലാർക്കിന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signed by
M . Abul Kalam
Date: 05-01-2025 08:35:47
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ശ്രീ. ഹരികൃഷ്ണൻ ജി., ഹരിശ്രീ, ഇടക്കുളങ്ങര പി.ഒ., കരുനാഗപ്പള്ളി, കൊല്ലം.

പകർപ്പ് :
1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം.
2) ബന്ധപ്പെട്ട ബിൽ സെക്ഷൻ.
3) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്.
4) സേവന പുസ്തകം.
5) ഫയൽ/കരുതൽ ഫയൽ.